REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 09-08-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദിയും, റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിനും ഉഭയകക്ഷി ബന്ധങ്ങളും പങ്കാളിത്തവും ശക്തമാക്കാൻ പ്രതിബദ്ധത അറിയിച്ചു.**
- **ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ സത്യപ്രസ്താവനയായി സമർപ്പിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **79-ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു.**
- **വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി സംസ്ഥാനത്ത്തദ്ദേശ സ്ഥാപനങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും.**
- **ബാങ്കോക്കിൽ അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ ബോക്സർമാർ ഫൈനലിൽ.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയും, റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിനും ഇന്നലെ വിശദമായ ടെലിഫോൺ സംഭാഷണം നടത്തി. ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷിബന്ധങ്ങൾ അവലോകനം ചെയ്ത മോദിയും, പുടിനും തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ പ്രതിബദ്ധത അറിയിച്ചു. വ്ലാഡിമർ പുടിന്റെ ഇന്ത്യാ സന്ദർശനത്തിന് കാത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി സംഭാഷണത്തിൽ അറിയിച്ചു. ഉക്രൈനിലെ ഏറ്റവും പുതിയ സംഭവവികാസങ്ങൾ പങ്കുവെച്ച പുടിനോട് നന്ദി അറിയിക്കുന്നതായി പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിനുമായി ഈ മാസം 15 ന് അലാസ്കയിൽ കൂടിക്കാഴ്ച നടത്തുമെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ട്രംപ് അധികാരത്തിൽ തിരിച്ചെത്തിയ ശേഷം ആദ്യമായാണ് അമേരിക്ക- റഷ്യ ചർച്ച നടത്തുന്നത്.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി വാർത്താസമ്മേളനത്തിൽ ഉന്നയിച്ച ആരോപണങ്ങൾ സത്യപ്രസ്താവനയായി സമർപ്പിക്കുകയോ, അല്ലാത്തപക്ഷം രാഷ്ട്രത്തോട് ക്ഷമാപണം നടത്തുകയോ വേണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു. വോട്ടുമോഷണം സംബന്ധിച്ച പ്രതിപക്ഷ നേതാവിന്റെ ആരോപണങ്ങൾ കമ്മീഷൻ പാടേ നിരാകരിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

സത്യപ്രസ്താവന ഒപ്പിട്ട് നൽകുന്നില്ലെങ്കിൽ അതിനർത്ഥം, രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ യുക്തിരഹിതവും അതിൽ അദ്ദേഹത്തിന് വിശ്വാസമില്ലെന്നുമാണെന്ന് സാമൂഹിക മാധ്യമ കുറിപ്പിൽ തിരഞ്ഞെടുപ്പു കമ്മീഷൻ വിലയിരുത്തി. 36 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടർപട്ടിക തയ്യാറാക്കിയപ്പോൾ, കോൺഗ്രസ് ഒരു പരാതി പോലും ഉന്നയിച്ചിട്ടില്ല.

രാഹുൽഗാന്ധി ഇതിനു മുമ്പും കമ്മീഷനെതിരെ പല ആരോപണങ്ങളും ഉന്നയിച്ചിട്ടുണ്ടെന്നും, എന്നാൽ ഒന്നുപോലും രേഖാമൂലം നൽകിയിട്ടില്ലെന്നും സാമൂഹ്യമാധ്യമ കുറിപ്പിൽ കമ്മീഷൻ വിശദീകരിച്ചു. 2024 ഡിസംബറിൽ മഹാരാഷ്ട്ര തിരഞ്ഞെടുപ്പ് വിഷയം ഉന്നയിച്ചപ്പോൾ ആ മാസം തന്നെ കമ്മീഷൻ മറുപടി നൽകിയിട്ടുണ്ട്. അത് കമ്മീഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. എന്നാൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ആ വിഷയത്തോട് പ്രതികരിച്ചിട്ടില്ലെന്നാണ് രാഹുൽ ഗാന്ധിയുടെ ആരോപണമെന്നും കുറിപ്പിൽ പറയുന്നു.

✪✪✪

79-ാം സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു. ദേശീയ പതാകയുമായി ജനങ്ങളുടെ ആത്മബന്ധം ശക്തിപ്പെടുത്താനും, അറിവു പകരാനും, രാഷ്ട്രനിർമാണത്തിലെ ജനകീയപങ്കാളിത്തത്തിന് കരുത്തേകാനും ലക്ഷ്യമിട്ടാണ്, ഈ മാസം രണ്ട് മുതൽ സ്വാതന്ത്ര്യദിനം വരെ, രാജ്യവ്യാപക കാമ്പയിൻ സംഘടിപ്പിക്കുന്നത്. സംസ്ഥാനങ്ങളിൽ ഗവണ്മെന്റ് ഓഫീസുകളും,

വിദ്യാഭ്യാസ സ്ഥാപനങ്ങളും, NGO-കളും കാമ്പയിനുമായി ബന്ധപ്പെട്ട ശുചീകരണമടക്കം പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

✪✪✪

'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' ക്യാമ്പയിന് കോഴിക്കോട് കൊയിലാണ്ടി നഗരസഭയിൽ തുടക്കമായി. നഗരസഭാ സെക്രട്ടറി S പ്രദീപിൽ നിന്ന് ചെയർപേഴ്സൺ സുധാ കിഴക്കേപ്പാട്ട് ക്യാമ്പയിൻ പോസ്റ്റർ ഏറ്റുവാങ്ങി പരിപാടി ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യം പോലെ ശുചിത്വവും പ്രധാനമാണെന്ന സന്ദേശമുയർത്തിയാണ് ഹർ ഘർ തിരംഗ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്.

✪✪✪

720 കോടിയിലധികം യാത്രക്കാർക്ക് ലോകത്തെ ഏറ്റവും കുറഞ്ഞ നിരക്കിൽ ഗതാഗത സേവനം നൽകുന്ന സംവിധാനമാണ് ഇന്ത്യൻ റെയിൽവേയെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് രാജ്യസഭയിൽ പറഞ്ഞു. 2023-24 ൽ യാത്രക്കാർക്ക് അറുപതിനായിരത്തി 466 കോടി രൂപ സബ്സിഡി നൽകിയതായി രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്രമന്ത്രി അറിയിച്ചു. യാത്രാ ചെലവിന്റെ 45 ശതമാനത്തോളമാണ് ഈ തുക. ദിവ്യാംഗർ, രോഗികൾ, വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് സബ്സിഡി തുകയ്ക്ക് മുകളിൽ ഇളവുകൾ തുടരുന്നുണ്ടെന്നും വൈഷ്ണവ് അറിയിച്ചു.

അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി പ്രകാരം ഇതുവരെ 1,337 സ്റ്റേഷനുകൾ വികസനത്തിനായി കണ്ടെത്തിയിട്ടുണ്ടെന്നും ആദ്യ ഘട്ടത്തിൽ 105 സ്റ്റേഷനുകളുടെ പ്രവൃത്തികൾ പൂർത്തിയായതായും അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത് പരിപാടി തുടക്കം മുതൽ ഇതുവരെ 34 കോടിയിൽപ്പരം രൂപ വരുമാനമുണ്ടാക്കിയതായി കേന്ദ്രസഹമന്ത്രി ഡോ. L മുരുകൻ രാജ്യസഭയെ അറിയിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, കണ്ടുപിടുത്തം, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിലെ പ്രചോദനകരമായ നിരവധി വിഷയങ്ങൾ പ്രതിമാസ റേഡിയോ പരിപാടിയിൽ പ്രധാനമന്ത്രി പങ്കുവെയ്ക്കുന്നുണ്ട്. ഇന്ത്യയിലെയും ലോകത്തെയും ശ്രോതാക്കൾ സാമൂഹ്യമാധ്യമ പ്ലാറ്റ്ഫോമുകൾ വഴി മൻ കി ബാതിന്റെ ആരാധകരായി മാറിയിട്ടുണ്ടെന്നും എഴുതി നൽകിയ മറുപടിയിൽ ഡോ. മുരുകൻ വ്യക്തമാക്കി.

✪✪✪

മറാത്തി ചിത്രം 'ഖാലിദ് കാ ശിവജി' യിൽ ഛത്രപതി ശിവജിയുടെ ചരിത്രം വളച്ചൊടിച്ചെന്ന പരാതികളിൽ കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം നിർമ്മാതാക്കൾക്ക് നോട്ടീസയച്ചു. സിനിമ ശിവജിയെ വികലമായി ചിത്രീകരിച്ചെന്നും, പ്രദർശനം നിരോധിക്കണമെന്നും ആവശ്യപ്പെട്ട് ഒട്ടേറെ പരാതികൾ മന്ത്രാലയത്തിന് ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടാണ് നിർമ്മാതാക്കൾക്ക് നോട്ടീസ് അയച്ചത്.

✪✪✪

ഏഷ്യയിലെ ഏറ്റവും നീളമേറിയ ചരക്കു ട്രെയിൻ 'രുദ്രാസ്ത്ര' വിജയകരമായി പരീക്ഷണ ഓട്ടം പൂർത്തിയാക്കി. UP യിലെ ചന്ദോലിയിൽ നിന്ന് ജാർഖണ്ഡിലെ ഗഢ്‌വായിലേക്കായിരുന്നു നാലര കിലോമീറ്റർ നീളമുള്ള ട്രെയിനിന്റെ പരീക്ഷണ ഓട്ടം. രണ്ട് ചരക്ക് ട്രെയിനുകളുടെ റാക്കുകൾ കൂട്ടിച്ചേർത്താണ് 345 വാഗണുകളോടെ ട്രെയിൻ തയ്യാറാക്കിയത്.

✪✪✪

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ മാനസികാരോഗ്യവും ആത്മഹത്യാ പ്രതിരോധവും സംബന്ധിച്ച, ദേശീയ കർമസേനയുടെ പ്രത്യേക വെബ്സൈറ്റ് പുറത്തിറക്കി. ക്യാമ്പസ് പശ്ചാത്തലം, മാനസിക ബുദ്ധിമുട്ടുകൾ, വിവേചനം, ക്ഷേമനിർദേശങ്ങൾ എന്നിവയടക്കം വിഷയങ്ങളെക്കുറിച്ച് വിവരശേഖരണത്തിന് തയ്യാറാക്കിയ ഓൺലൈൻ സർവേ ചോദ്യാവലികൾ പോർട്ടലിൽ ലഭ്യമാണ്.

✪✪✪

സംസ്ഥാനത്ത് തദ്ദേശതിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും നാളെയും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കാൻ സമയം ചൊവ്വാഴ്ച വരെ നീട്ടിയിട്ടുണ്ട്. 2025 ജനുവരി ഒന്നിനകം 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

✪✪✪

മണിപ്പൂരിലെ ലോക്‌തക് തടാകത്തെ ആഗോള വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാൻ കൂടുതൽ പ്രാധാന്യം നൽകണമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ആവശ്യപ്പെട്ടു. മണിപ്പൂരിൽ നടപ്പാക്കിവരുന്ന കേന്ദ്ര പദ്ധതികളുടെ അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ബിഷ്ണുപൂരിലെ അവലോകന യോഗത്തിൽ, വടക്കു - കിഴക്കൻ മേഖലയെ പരിവർത്തനപ്പെടുത്തുന്നതിലെ പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടുകൾ സുരേഷ് ഗോപി എടുത്തുപറഞ്ഞു.

✪✪✪

തൃശൂർ ലോക്സഭാ മണ്ഡലത്തിലെ വോട്ടർപട്ടികയിൽ ക്രമക്കേടുണ്ടായെന്ന CPI സ്ഥാനാർത്ഥിയായിരുന്ന VS സുനിൽ കുമാറിന്റെ ആരോപണം ശരിയല്ലെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ വാർത്താകുറിപ്പിൽ അറിയിച്ചു. എല്ലാ തലത്തിലും വോട്ടർ പട്ടിക പരിശോധിക്കാനും, പരാതി നൽകാനും കമ്മീഷൻ അവസരം നൽകിയിരുന്നു. ആ സമയത്തൊന്നും പട്ടികയെപ്പറ്റി ആരും പരാതികൾ ഉന്നയിച്ചിരുന്നില്ലെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ വാർത്താകുറിപ്പിൽ വിശദീകരിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ആക്ഷേപം ഉണ്ടായിരുന്നെങ്കിൽ നിശ്ചിത സമയപരിധിക്കകം ഹൈക്കോടതിയിൽ തിരഞ്ഞെടുപ്പു ഹർജി നൽകണമായിരുന്നുവെന്നും ഡോ. കേൽക്കർ അറിയിച്ചു.

✪✪✪

കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് P.ശാരുതി 79-ാം സ്വാതന്ത്ര്യദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും. വിവിധ മേഖലകളിലെ വിജയകരമായ പ്രവർത്തനം പരിഗണിച്ചാണ് ഒളവണ്ണ പഞ്ചായത്ത് പ്രസിഡണ്ടിന് ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചത്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....(വോയ്സ്)...

UN സുസ്ഥിര വികസന സൂചികയുടെ അടിസ്ഥാനത്തിൽ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ റാങ്കിംഗിൽ A ഗ്രേഡും, പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡക്സിലെ മികച്ച ഭരണ വിഭാഗത്തിൽ കേരളത്തിൽ നിന്ന് ഒന്നാം സ്ഥാനവും നേടിയ ഗ്രാമപഞ്ചായത്താണ് ഒളവണ്ണ. ഇതിനു പുറമെ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഏറ്റവും കൂടുതൽ ഹൗസ് കണക്ഷൻ നൽകിയ പഞ്ചായത്ത്, സ്ത്രീ സുരക്ഷ -ബാല സുരക്ഷ,ലൈഫ് മിഷൻ പദ്ധതികളുടെ നടത്തിപ്പിലും പഞ്ചായത്ത് ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിലെ 30 അമൃത് സരോവർ സൈറ്റുകളിൽ വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കും. ദേശീയ പതാക ഉയർത്താനും, ‘ഏക് സരോവർ, ഏക് സങ്കൽപ്പ് - ജൽ സൻരക്ഷൺ കാ’ എന്ന പേരിൽ കാലാവസ്ഥ, ജല ലഭ്യത എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തി കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും ഇന്നലെ ചേർന്ന ആലോചനായോഗം തീരുമാനിച്ചു.

✪✪✪

ബാങ്കോക്കിൽ അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ ബോക്സർമാർ ഫൈനലിലെത്തി. വനിതാ ബോക്സർമാരായ നിഷ, മുസ്കൻ, വിനി, നിഷ, ആരതികുമാരി, പാർച്ചി ടോകാസ്, കൃതിക, പുരുഷ വിഭാഗത്തിൽ മൗസം സുഹാഗ്, രാഹുൽ കുണ്ടു, ഹേമന്ത് സാങ്വാൻ എന്നിവരാണ് ഫൈനലിലെത്തിയത്.

✪✪✪

അണ്ടർ 23 പുരുഷ-വനിതാ ഗുസ്തി ചാമ്പ്യൻഷിപ്പ് ഇന്ന് കാസർകോട്ട് ആരംഭിക്കും. രണ്ടു ദിവസത്തെ ചാമ്പ്യൻഷിപ്പ് അണങ്കൂർ ശാരദ സഭാഭവനിലാണ് സംഘടിപ്പിക്കുന്നത്. 10 വിഭാഗങ്ങളിലായി 200 ലേറെ കായിക താരങ്ങൾ പങ്കെടുക്കും.

✪✪✪

ഷില്ലോങ്ങിൽ ഡുറാൻഡ് കപ്പ് ഫുട്ബോൾ ഗ്രൂപ്പ് E മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് FC, ഷില്ലോങ് ലജോങ്ങിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തി. ഇതോടെ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഗ്രൂപ്പ് E-യിൽ ഒന്നാം സ്ഥാനം ഉറപ്പിച്ചു.

✪✪✪

കേരള രാജ്യാന്തര ചലച്ചിത്രോത്സവം ലോകത്തെ മികച്ച സിനിമകൾ ആസ്വാദകരിലെത്തിക്കാനും പുതിയ ചലച്ചിത്ര സംസ്കാരം വളർത്തിയെടുക്കാനും തികച്ചും സഹായകമാണെന്ന് സംവിധായകൻ സയിദ് അക്തർ മിർസ അഭിപ്രായപ്പെട്ടു. കോഴിക്കോട്ട് മേഖലാ ചലച്ചിത്രോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ലഹരിക്കെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയവും, എക്സൈസ് വകുപ്പും കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ശബ്ദ സന്ദേശ മത്സരത്തിൽ തളിപ്പറമ്പ് സർസയ്യിദ് കോളേജ് ഒന്നാം സ്ഥാനവും, പയ്യന്നൂർ കോളേജ് രണ്ടാം സ്ഥാനവും നേടി.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRT: ഹബീബ് റഹ്മാൻ*
*DEO : ഷീബ*